(സി) തിരുവനന്തപുരം (കാട്ടാക്കട റൂറൽ ജില്ലാ ട്രഷറി), കൊല്ലം (കൊട്ടാരക്കര ജില്ലാ ട്രഷറി), ആലപ്പുഴ (ചെങ്ങന്നൂർ ജില്ലാ ട്രഷറി), കോട്ടയം (പാലാ ജില്ലാ ട്രഷറി), എറണാകുളം (മൂവാറ്റുപുഴ ജില്ലാ ട്രഷറി), തൃശ്ശൂർ (ഇരിങ്ങാലക്കുട ജില്ലാ ട്രഷറി), പാലക്കാട് (ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി), കോഴിക്കോട് (താമരശ്ശേരി ജില്ലാ ട്രഷറി), കണ്ണൂർ (മട്ടന്നൂർ ജില്ലാ ട്രഷറി).

(ഡി) ഉണ്ട്

(ഇ) ഇതുസംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

ട്രഷറികളിലെ എ.റ്റി.എം. സംവിധാനം

160 (6611) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപനപ്രകാരം എത്ര ട്രഷറികളിൽ എ.റ്റി.എം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ; ഏതെല്ലാം ട്രഷറികളിൽ മറ്റടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

2013-14 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപന പ്രകാരം ഒരു ട്രഷറിയിലും എ.റ്റി.എം. സ്ഥാപിച്ചിട്ടില്ല. ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ ആരായുന്നതിനായി ഒരു cost benefit analysis നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ഐ.റ്റി. മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുതുതായി നിർമ്മിച്ച 5 ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. വികലാംഗർക്കുള്ള റാംപ്, സ്പെഷ്യൽ ടോയ്ലറ്റ് എന്നീ സൗകര്യങ്ങൾ ഈ ട്രഷറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. പാലാ ജില്ലാ ട്രഷറി, തിരുവനന്തപുരം പെൻഷൻ പേമെന്റ് സബ് ട്രഷറി, നായരമ്പലം സബ് ട്രഷറി, മാള സബ് ട്രഷറി, തൊട്ടിൽപ്പാലം സബ് ട്രഷറി എന്നിവയാണ് ഈ സബ്ട്രഷറികൾ.

സംസ്ഥാനത്തെ 30 ട്രഷറികളിൽ നവീകരണം പൂർത്തിയായിട്ടുണ്ട്. ഈ ട്രഷറികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിൽ 23 ട്രഷറികളിൽ എ.റ്റി.എം.-നുള്ള കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. 3 ട്രഷറികളിൽ എ.റ്റി.എം. കൗണ്ടറിനുള്ള സ്ഥലം നീക്കിവച്ചിട്ടുണ്ട്.

5 പുതിയ ട്രഷറികളിലും നവീകരിക്കപ്പെട്ട 14 ട്രഷറികളിലും ഡീസൽ ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

പാലാ ജില്ലാ ട്രഷറിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly